"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. ഷാജി. എ യുടെ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2151/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/10/2021

---

പരാമർശം:-

1. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.12.2019 ലെ ഡി 2093/07 നം. കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 27.01.2020, 15.7.2021 തീയതികളിലെ PAN/364/2020-E10(DP) നമ്പർ കത്തുകൾ.

ഉത്തരവ്

1. തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരുന്ന മരണപ്പെട്ട ശ്രീ. ഷാജി. എ യുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ/ ആശ്രിത നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിലേക്കായി ശ്രീ. ഷാജിയുടെ അനധികൃത ഹാജരില്ലായ്മ ക്രമവൽക്കരിക്കുന്നതിനായി പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷ സമർപ്പിച്ചു. ശ്രീ. ഷാജിയുടെ അനധികൃത ഹാജരില്ലായ്മക്ക് 18/06/2007 ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നുവെങ്കിലും കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകുകയോ ഓഫീസിൽ ഹാജരാകുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടിയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയത് 21/04/2009 ൽ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തു. അച്ചടക്കനടപടി നേരിടവെ ശ്രീ. ഷാജി 10/08/2019 ൽ മരണപ്പെടുകയുണ്ടായി. 19/02/2007 മുതൽ ശ്രീ. ഷാജി അനധികൃത ഹാജരില്ലായ്മയിലായിരുന്നു. ശ്രീ.ഷാജിയുടെ ഹാജരില്ലായ്മ ക്രമവൽക്കരിക്കുന്നതിന് അപേക്ഷിച്ച്കൊണ്ടുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്തും അനുബന്ധങ്ങളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ. ഷാജിയ്ക്ക് നൽകിയിട്ടുള്ള കാരണം കാണിക്കൽ നോട്ടീസിൽ സർവീസിൽ നിന്നും നീക്കം ചെയ്യുമെന്ന താൽക്കാലിക തീരുമാനം എടുത്തിട്ടുള്ള സാഹചര്യത്തിൽ ആയത് തീർപ്പാക്കിയിട്ടില്ലെങ്കിൽ അനധികൃത ഹാജരില്ലായ്മയ്ക്ക് ശ്രീ. എ. ഷാജിയ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ ചട്ടപ്രകാരം തീർപ്പാക്കിയ ശേഷം ബന്ധപ്പെട്ട ഉത്തരവ് സഹിതം ലഭ്യമാക്കാൻ സർക്കാർ നിർദേശിച്ചിരുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.04.2021 ലെ ഡി-2093/2007 നം. ഉത്തരവ് പ്രകാരം അച്ചടക്കനടപടി തുടർന്ന് വരവെ ശ്രീ. എ. ഷാജി 10.08.2019

തീയതിയിൽ മരണപ്പെട്ട് പോയതിനാൽ ടിയാൻ അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനാൽ സേവനത്തിൽ നിന്ന് പിരിച്ച് വിടുന്നതിനായി താൽക്കാലിക തീരുമാനം കൈക്കൊണ്ട് ടി ഓഫീസിൽ നിന്ന് പുറപ്പെടുവിച്ചിരുന്ന നോട്ടീസ് റദ്ദ് ചെയ്ത് ടിയാനെതിരെ ആരംഭിച്ചിരുന്ന അച്ചടക്കനടപടി തീർപ്പാക്കി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കന്നുകാൽ ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. ഷാജി. എ യ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതും ടിയാൻ മരണപ്പെട്ട സാഹചര്യവും കണക്കിലെടുത്ത് 19.02.2007 മുതൽ 10.08.2019 വരെയുള്ള ടിയാന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയിക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 (iii) പ്രകാരം ശൂന്യവേതന അവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/23/2020-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ